**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1305** **15-10-2026-ൽ മറുപടിയ്ക്ക്**

**കേച്ചേരി - അക്കിക്കാവ് ബൈപാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കേച്ചേരി-അക്കിക്കാവ് ബൈപാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ മുൻകൂറായി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ റോഡ് വികസനത്തിനായി ഭൂമി വിട്ടു നൽകിയ ഉടമകൾക്കുള്ള നഷ്ടപരിഹാര തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനും മറ്റ് കിഫ്ബി പദ്ധതികൾക്കായി സ്ഥലം അതിവേഗം ഏറ്റെടുത്ത് നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

**മറുപടി:** കേച്ചേരി-അക്കിക്കാവ് ബൈപാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തുകയായ 10,34,11,879/- രൂപ അർത്ഥനാധികാരി അടവാക്കിയിട്ടുണ്ട്. 01/08/2026 തീയതിയിൽ വിശദവിലനിർണ്ണയ പട്ടിക അംഗീകരിച്ചു. പുതുക്കിയ അലൈൻമെന്റ് പ്രകാരം സർവേ നടപടികളിൽ കണ്ടെത്തിയ പുതിയ സർവേ നമ്പറുകൾ ഉൾപ്പെടുത്തി അനുമതി പുതുക്കുന്നതിന് ശിപാർശ ലഭിച്ചിട്ടുണ്ട്. 31/03/2027 വരെയുള്ള പലിശ കൂടി കണക്കാക്കിയ നഷ്ടപരിഹാരത്തുക അടവാക്കുന്നതിന് അർത്ഥനാധികാരിക്ക് 22/09/2026 ന് കത്ത് നൽകിയിട്ടുണ്ട്. 2013 ലെ RFCTLARR Act ൽ നിഷ്കർഷിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് സ്ഥലം ഏറ്റെടുക്കുന്നത്.

**സെക്ഷൻ ഓഫീസർ**